"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ ശിശു വികസന വകുപ്പ് - വയനാട് ദുരന്തം - മാതാപിതാക്കളിൽ ഒരാൾ/ഇരുവരും നഷ്ടപ്പെട്ട കുട്ടികൾക്കുള്ള ഒറ്റത്തവണ ധനസഹായം സ്നേഹപൂർവ്വം പദ്ധതി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.63/2025/WCDD തീയതി,തിരുവനന്തപുരം, 11-02-2025

---

പരാമർശം:- 1. 05.10.2024-ലെ സ.ഉ(എം.എസ്) നം.5/2024/വശിവിവ നമ്പർ ഉത്തരവ്.

2. വനിതാ ശിശു വികസന ഡയറക്ടറുടെ 26.10.2024-ലെ DWCD/4899/2024-ICPS 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024 ജൂലായ് 30 ന് വയനാട് ജില്ലയിലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് ഇരുമാതാപിതാക്കളും നഷ്ടപ്പെട്ട 6 കുട്ടികൾക്ക് 10,00,000/-രൂപ വീതവും, മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ നഷ്ടപ്പെട്ട 8 കുട്ടികൾക്ക് 5,00,000/-രൂപ വീതവും ഒറ്റത്തവണ ധനസഹായമായി വനിതാ ശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ധനസഹായം അനുവദിക്കുന്ന ശീർഷകം സംബന്ധിച്ച വ്യക്തതക്കും, വകുപ്പിന്റെ ഫണ്ടിൽ നിന്നും ഒറ്റത്തവണ ധനസഹായമായി 1 കോടി രൂപ അനുവദിക്കുന്നതിനുമായി വനിതാ ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാതാപിതാക്കളോ അവരിൽ ആരെങ്കിലും ഒരാളെയോ നഷ്ടപ്പെടുകയും കൂടാതെ സാമ്പത്തിക ഞെരുക്കം കാരണം ജീവിച്ചിരിക്കുന്ന രക്ഷിതാവിനു കുട്ടിയെ നോക്കാൻ കഴിയാത്ത അവസ്ഥയിലായ കുട്ടികൾക്കുള്ള ധനസഹായ പദ്ധതിയായ സ്നേഹപൂർവ്വം പദ്ധതിയുടെ 2235-60-2000-

**72(11) സ്നേഹപൂർവ്വം(pv)** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വയനാട് ജില്ലയിലുണ്ടായ പ്രകൃതി ദുരന്തത്തെ തുടർന്ന് മാതാപിതാക്കളിൽ ഇരുവരെയും നഷ്ടപ്പെട്ട കുട്ടികൾക്ക് (6 പേർ) 10 ലക്ഷം രൂപ വീതവും, മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട കുട്ടികൾക്ക് (8 കുട്ടികൾ) 5 ലക്ഷം രൂപ വീതവും നൽകുന്നതിനുള്ള ചെലവ് വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

പകർപ്പ്

വനിതാ ശിശു വികസന ഡയറക്ടർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി & എസ് എസ് എ, എ & ഇ), കേരളം

ധനകാര്യ വകുപ്പ്(WCD-1/259/2024-FIN (e 2956125))

വെബ് & ന്യൂ മീഡിയ

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
Date: 14-02-2025 14:22:57

സെക്ഷൻ ഓഫീസർ